പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1513 14/06/2013- ൽ മറുപടിക്ക്

## മുയൽ കർഷകരുടെ വായ്പകൾ എഴുതി തള്ളാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.സുധാകരൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) 2006- ൽ ആലപ്പുഴ ജില്ലയിൽ മൃഗ സംരക്ഷണ വകുപ്പും റാബിറ്റ് ബ്രീഡേഴ്സ് അസോസിയേഷനും ചേർന്ന് ആരംഭിച്ച 'റാബിറ്റ് പ്ലസ്' പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മെയിൻ ബ്രാഞ്ച് ആലപ്പുഴയും, റാബിറ്റ് ബ്രീഡേഴ്സ് അസോസിയേഷനും (ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടന) ചേർന്നാണ് 'റാബിറ്റ് പ്ലസ്' എന്ന പദ്ധതി ആലപ്പുഴ ജില്ലയിലെ ചേർത്തല, ആലപ്പുഴ എന്നീ താലൂക്കുകളിൽ നടപ്പിലാക്കിയത്. മൃഗ സംരക്ഷണ വകുപ്പ് 'ഇൻവെസ്റ്റേഴ്സ് മീറ്റ് ' പദ്ധതിയിലൂടെ പ്രസ്തുത കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക മാത്രമാണ് ചെയ്തത്. നിലവിൽ ടി പദ്ധതി പ്രവർത്തിക്കുന്നില്ല. |
| (ബി) ഈ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര ഗ്രൂപ്പുകൾക്ക് എന്തു തുക എസ്.ബി.റ്റിയുടെ വിവിധ ശാഖകൾ വഴി വായ്പ നൽകി എന്ന് അറിയിക്കാമോ; | (ബി) ഏകദേശം 70 ഗ്രൂപ്പുകളിലായി 350 കർഷകരാണ് ഈ പദ്ധതിയിൽ അംഗങ്ങളായത്. ഓരോ അംഗവും 25,000/- രൂപ വീതമാണ് എസ്.ബി.റ്റി ആലപ്പുഴ ശാഖയിൽ നിന്നും വായ്പ എടുത്തത്. ഇതിൽ 9,500/ രൂപ ഓരോ കർഷകനും ഷെഡ് നിർമ്മാണത്തിനും തീറ്റചെലവിനുമായി നേരിട്ട് ബാങ്ക് |

നൽകുകയും 2500/- രൂപ ബാങ്ക് ഡിപ്പോസിറ്റ് ആയി മാറ്റുകയും, 13000/- രൂപ അസ്സോസിയേഷൻ കൈപ്പറ്റി മുയലിനും, കൂടിനുമായി നേരിട്ട് ചെലവഴിക്കുകയുമാണ് ചെയ്തിരുന്നത്.

(സി) മുയൽ കർഷകർക്കെതിരെ എസ്.ബി.റ്റി ആരംഭിച്ചിട്ടുള്ള ജപ്തി / നിയമ നടപടികൾ നിർത്തി വയ്ക്കാൻ നിർദ്ദേശം നൽകുമോ;

(സി) റാബിറ്റ് ബ്രീഡേഴ്സ് അസോസിയേഷൻ മൃഗസംരക്ഷണ വകുപ്പ് മുഖേന രജിസ്റ്റർ ചെയ്ത സംഘടനയല്ലാത്തതിനാലും, വകുപ്പിന്റെ സബ്സിഡി ഒന്നും നൽകാത്തതിനാലും വകുപ്പിന് യാതൊരുവിധ നടപടിയും സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

(ഡി) ഈ പദ്ധതി കാർഷിക കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മുയൽ കർഷകരുടെ വായ്പ, കുടിശ്ശിക എഴുതി തള്ളിയിട്ടുണ്ടോ;

(ഡി) ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും കടം എഴുതി തള്ളുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കളക്ടറോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) ജില്ലാ റാബിറ്റ് ബ്രീഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ കർഷകരെ കബളിപ്പിച്ചതായ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഇ) ഉണ്ട്. 13,000/- രൂപ മുയലുകളെ വാങ്ങുന്നതിനായി റാബിറ്റ് ബ്രീഡേഴ്സ് അസോസിയേഷന് ബാങ്ക് നേരിട്ട് കൊടുക്കുകയും അവർ കർഷകർക്ക് 12 മുയലുകളും, അവയുടെ കൂടുകളും, പ്രജനനത്തിൽ നിന്നും ഉണ്ടാകുന്ന കുഞ്ഞുങ്ങൾക്കുമായുള്ള കൂടുകളും കൂടി കൊടുക്കുകയും ചെയ്തു. കൂടാതെ വിതരണം ചെയ്ത ദിവസം ചത്തുപോയ മുയലുകൾക്കുപകരം മുയലുകളെ നൽകാമെന്നു സംഘടന വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും അത് നടപ്പിലാക്കിയില്ലായെന്ന് ശ്രീ. ജോസ് ആന്റണി കൂടുങ്കൽ എന്ന കർഷകൻ പരാതി ബോധിപ്പിച്ചിട്ടുണ്ട്.

മിക്ക കർഷകർക്കുമുള്ള പരാതി റാബിറ്റ്

ബ്രീഡേഴ്സ് അസോസിയേഷൻ, ഇൻഷ്വർ ചെയ്യുന്നതിന് ഇൻഷ്വറൻസ് പ്രിമീയം കർഷകരുടെ പക്കൽ നിന്നും ശേഖരിച്ചിരുന്നു വെങ്കിലും ഇൻഷ്വറൻസ് പേപ്പറോ, അനുബന്ധ രേഖകളോ കർഷകർക്ക് ലഭിച്ചിരുന്നില്ല എന്നാണ്. ഇൻഷ്വറൻസിനായി സമീപിച്ചപ്പോൾ പല ഒഴിവുകളും പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്നും അസോസ്സിയേഷൻ ഒഴിയുകയാണു ണ്ടായതെന്ന് അന്വേഷണത്തിൽ കർഷകർ അഭിപ്രായപ്പെട്ടു. അതോടൊപ്പം മുയലുകളെ കർഷകരിൽ നിന്നും വില നൽകി തിരികെ സംഭരിക്കാമെന്ന അസോസ്സിയേഷന്റെ വാഗ്ദാനവും നടപ്പാക്കിയില്ല എന്നും കർഷകർ അന്വേഷണത്തിൽ പരാതിപ്പെട്ടിരുന്നു. ആലപ്പുഴ ജില്ലയുടെ കാലാവസ്ഥ മുയലുകൾക്ക് അനുയോജ്യമല്ലാത്തതിനാൽ വൈറസ് രോഗം പിടിപെടുകയും മുയൽ വളർത്തൽ ലാഭകരമല്ലാതാകുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

NS